ഗ്രീവൻസ് സെല്ലിൽ രേഖപ്പെടുത്തുകയോ അല്ലെങ്കിൽ 1800-111-321 എന്ന ടോൾ ഫ്രീ നമ്പരിൽ രജിസ്റ്റർ ചെയ്യുകയോ ചെയ്യാവുന്നതാണ്. അത്തരത്തിൽ രജിസ്റ്റർ ചെയ്യുന്ന പരാതികളിൽ എല്ലാ സത്വര നടപടികളും റെയിൽവേ സ്വീകരിക്കുന്നതാണ്.

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനങ്ങൾ

65(2053) ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. വർക്കല കഹാർ :

ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ ;

(ബി) വിവിധ മേഖലകളിലെ മലിനീകരണ നിയന്ത്രണത്തിൽ ബോർഡ് എങ്ങനെയെല്ലാമാണ് ഇടപെട്ട് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) ഇതിന്റെ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ ;

(ഡി) ബോർഡിനെ ശാക്തീകരിക്കാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) മലിനീകരണ നിയന്ത്രണ നിയമങ്ങളായ ജല (മലിനീകരണ നിയന്ത്രണവും നിവാരണവും) നിയമം, 1974, വായു (മലിനീകരണ നിയന്ത്രണവും നിവാരണവും) നിയമം, 1981, പരിസ്ഥിതി (സംരക്ഷണം) നിയമം, 1986 എന്നിവയും അനുബന്ധചട്ടങ്ങളും മലിനീകരണനിയന്ത്രണ ബോർഡ്വഴിയാണ് നടപ്പിലാക്കുന്നത്. കൂടാതെ പരിസ്ഥിതി നിയമത്തിന്റെകീഴിലുള്ള ചട്ടങ്ങൾ പ്രകാരം ബയോമെഡിക്കൽ മാലിന്യം, ഖരമാലിന്യം, അപകടകരമായ മാലിന്യം (ഹസാർഡസ് വേസ്റ്റ്) എന്നിവയെല്ലാം നിയമപ്രകാരം സംസ്കരിക്കുന്നത് അനുമതികളിലൂടെയും തുടർപരിശോധനകളിലൂടെയും ബോർഡ് ഉറപ്പുവരുത്തുന്നു. ടി അനുമതി നൽകുന്നതിനുള്ള പരിശോധനകളിലും തുടർന്ന് നൽകുന്ന അനുമതി പത്രങ്ങളിലെ നിബന്ധനകളിലും മലിനീകരണ നിയന്ത്രണത്തിനുതകുന്ന (ജലം, വായു, പരിസ്ഥിതി നിയമങ്ങൾ പ്രകാരം) നിർദ്ദേശങ്ങൾ നൽകുന്നു. ഇവ നടപ്പിലാക്കുന്നതുവഴി ജലമലിനീകരണ നിയന്ത്രണവും അന്തരീക്ഷ വായുവിലെ

LIBRARY ARCHIVES Kerala Legislative Assembly

മാലിന്യ ഘടകങ്ങളുടെ അളവുകളിലെ നിയന്ത്രണവും പ്രാവർത്തികമാക്കുന്നു. ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ പരിശോധിക്കാനും അനുമതി നൽകുന്നതിനുള്ള ചുമതല ബോർഡിനാണ് :

- മലിനീകരണം സംബന്ധിച്ച പരാതികളിന്മേൽ അന്വേഷണം നടത്തുകയും പ്രശ്നപരിഹാരത്തിന് സാങ്കേതികമായ നിർദ്ദേശങ്ങൾ നൽകുകയും പരിശോധനകൾവഴി അവയുടെ പാലനം ഉറപ്പുവരുത്തുകയും ചെയ്യുക. ബയോമെഡിക്കൽ വേസ്റ്റ് ചട്ടങ്ങൾ, 1998 പ്രകാരം ആശുപത്രികൾ, ഡെന്റൽ ക്ലിനിക്കുകൾ, ക്ലിനിക്കുകൾ, ലാബുകൾ തുടങ്ങി ബയോമെഡിക്കൽ വേസ്റ്റുണ്ടാക്കുന്ന എല്ലാ ആരോഗ്യ പരിപാലന സ്ഥാപനങ്ങൾക്കും അനുമതി നൽകുക.

- മുനിസിപ്പൽ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2000 പ്രകാരം ഖരമാലിന്യത്തിന്റെ സംസ്കരണത്തിനായുള്ള പ്ലാന്റുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് ആതറൈസേഷൻ നൽകുക.

- അപകടകരമായ മാലിന്യം കൈകാര്യം ചെയ്യുന്നതിനും അത്തരം മാലിന്യം സംസ്ഥാനത്തിന് പുറത്ത് കൊണ്ടുപോകുന്നതിനും അനുമതി നൽകുക.

- ബാറ്ററി വിതരണക്കാർക്കും ഇലക്ട്രോണിക്സ് ഉൽപ്പന്ന നിർമ്മാതാക്കൾക്കും ഇ-മാലിന്യം ശേഖരിക്കുന്നവർക്കും സംസ്കരിക്കുന്നവർക്കും ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നവർക്കും അനുമതി നൽകുക.

- പ്ലാസ്റ്റിക് വേസ്റ്റ് ചട്ടങ്ങൾ, 2011 പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകൾ/ multilayered plastic ഉണ്ടാക്കുന്ന സ്ഥാപനങ്ങൾക്കും അനുമതി നൽകുക.

- ശബ്ദമലിനീകരണ ചട്ടങ്ങൾ, 2000 പ്രകാരം വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനംമൂലമുള്ള ശബ്ദമലിനീകരണനിയന്ത്രണവും ശബ്ദമലിനീകരണം തടയുന്നതിനായി പോലീസ് വകുപ്പിന് ശബ്ദ തീവ്രത അളന്ന് നൽകുകയും ചെയ്യുക.

- പൊതുജനങ്ങളുടെ പരാതികളിന്മേലുള്ള അന്വേഷണം, വിവിധ കോടതികളുടെ നിർദ്ദേശ പ്രകാരം മലിനീകരണം സംബന്ധിച്ച് റിപ്പോർട്ട് നൽകൽ, സർക്കാരിലേയ്ക്ക് സാങ്കേതികമായ ഉപദേശം നൽകൽ.

ജല/വായു ഗുണനിലവാര പരിശോധനയ്ക്കായി എറണാകുളത്ത് NABL അക്രഡിറ്റേഷനോടുകൂടിയ കേന്ദ്ര പരിശോധനശാലയും എല്ലാ ജില്ലാ ഓഫീസുകളോടും ചേർന്ന് ജില്ലാ പരിശോധനശാലകളും പ്രവർത്തിച്ചുവരുന്നു.

താരതമ്യേന മലിനീകരണം കൂടുതലുള്ള സ്ഥാപനങ്ങൾക്ക് ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം ബോർഡ് നടപ്പാക്കിവരുന്നു. പെരിയാറിന്റെ ഏലൂർ ഭാഗത്തെ മലിനീകരണം മോണിട്ടർ ചെയ്യാനായി പെരിയാറിന്റെ ഇരുകരകളിലുമായി

LIBRARY ARCHIVES Kerala Legislative Assembly

24 മണിക്കൂറും പ്രവർത്തിക്കുന്ന 8 സർവൈലൻസ് ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. വ്യവസായ മേഖലയിലെ വായു ഗുണനിലവാരം തുടർച്ചയായി നിർണ്ണയിക്കുന്നതിനുള്ള സംവിധാനം ബോർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.

പൊതുജന ബോധവൽക്കരണം മലിനീകരണ നിയന്ത്രണത്തിന് ഒരു പ്രധാന ഘടകമായതിനാൽ ഇതിനായി പത്ര-ദൃശ്യ മാധ്യമങ്ങൾവഴി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

എല്ലാ വർഷവും ജൂൺ 5 പരിസ്ഥിതി ദിനത്തിൽ ബോർഡ് ജല/വായു ഗുണനിലവാര ഡയറക്ടറി പ്രസിദ്ധീകരിക്കുന്നു.

പാലക്കാട് ജില്ലയിലെ പുതുശ്ശേരി പഞ്ചായത്തിൽ മാത്തൂരുത്തിയിൽ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (IMA) കേരള ഘടകത്തിന്റെ മേൽനോട്ടത്തിൽ, ആശുപത്രി മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായുള്ള സംവിധാനം പ്രവർത്തിക്കുന്നു. സർക്കാർ ആശുപത്രികളിലെ ദ്രവ-മാലിന്യ സംസ്കരണം (Sewage) ഫലവത്താക്കാൻ ഇത്തരം സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്.

കേരളത്തിന്റെ വ്യവസായ കേന്ദ്രമായ പെരിയാറിന്റെ തീരത്തുള്ള (ഏലൂർ, എടയാർ ഭാഗം) വ്യവസായങ്ങളുടെ മോണിറ്ററിംഗുമായി ബന്ധപ്പെട്ട് 24 മണിക്കൂറും പ്രവർത്തിക്കുന്ന പരിശോധനാ സജ്ജമായ ഒരു സർവൈലൻസ് വാൻ ബോർഡ് പ്രവർത്തിപ്പിക്കുന്നുണ്ട്.

(സി) നാഷണൽ ആമ്പിയന്റ് എയർ ക്വാളിറ്റി മോണിട്ടറിംഗ് പദ്ധതി പ്രകാരം അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം 24 സ്റ്റേഷനുകളിൽ മോണിട്ടർ ചെയ്യുന്നതിനും നാഷണൽ ആമ്പിയന്റ് വാട്ടർ ക്വാളിറ്റി മോണിട്ടറിംഗ് പദ്ധതി പ്രകാരം നദികളിലും കായലുകളിലുമായി 128 സ്റ്റേഷനുകളിലെ ജലഗുണനിലവാരം മോണിട്ടറിംഗ് ചെയ്യുന്നതിനും കേന്ദ്ര മലിനീകരണനിയന്ത്രണ ബോർഡിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്.

(ഡി) ബോർഡിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ആദ്യപടിയായി ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്നതിനും അനുമതി നൽകുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിയമവ്യവസ്ഥകളുടെ ലംഘനം സംബന്ധിച്ചുള്ള പരാതികളിന്മേലുള്ള റിപ്പോർട്ട്/നടപടി സ്വീകരിക്കൽ എന്നിവ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly